LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസ് സ്കൂളുകളുടെ ശോച്യാവസ്ഥ

152 (2021) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിഷറീസ് സ്കൂളുകളുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഫിഷറീസ് സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഈ മേഖലയിലെ വിദഗ്ദ്ധർ നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നോ ;

(സി) എന്നാണ് പ്രസ്തുത നിർദ്ദേശങ്ങൾ ലഭിച്ചത് ; പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു ; വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ നടപടികൾ സ്വീകരിക്കാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഇ) ഇല്ല.

നാട്ടിക മണ്ഡലത്തിലെ കാലവർഷക്കെടുതി ദുരിതാശ്വാസം

153 (2022) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാട്ടിക മണ്ഡലത്തിലെ വലപ്പാട്, നാട്ടിക, കളിച്ചളം പഞ്ചായത്തുകളിലെ തീരദേശ മത്സ്യത്തൊഴിലാളികളുടെ കാലവർഷക്കെടുതി ദുരിതാശ്വാസം സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ;

(ബി) വീടും വള്ളങ്ങളും വലകളും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ എത്ര കുടുംബങ്ങൾക്ക് എത്ര രൂപ വീതം അനുവദിച്ചുവെന്ന് അറിയിക്കുമോ ?

ഉത്തരം

(എ-സി) പരാതികൾ ഒന്നും ലഭിച്ചിട്ടില്ല.